(സി) മേൽപ്പറഞ്ഞ കേസിന്റെ അന്വേഷണം രണ്ടുഘട്ടങ്ങളായാണ് നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട അന്വേഷണം പൂർത്തിയായി. പ്രതികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാംഘട്ടത്തിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു. പ്രസ്തുത കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ധാരാളം റിക്കാർഡുകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാലും ധാരാളം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തേണ്ടതിനാലും സ്വാഭാവികമായി ഉണ്ടാക്കാവുന്ന കാലതാമസമല്ലാതെ കേസിന്റെ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) പ്രസ്തുത കേസിന്റെ ഒന്നാംഘട്ടത്തിൽ അഞ്ചും ആറും പ്രതികൾ ഒഴിച്ചുള്ളവർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. അഞ്ചും ആറും പ്രതികൾക്കെതിരെയുള്ള പ്രോസിക്യൂഷൻ അനുവാദം നൽകിയിട്ടുണ്ട്. കോടതിയിൽ കുറ്റപത്രം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാംഘട്ട അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

പാസ്പോർട്ട് വെരിഫിക്കേഷൻ സെല്ലിലെ വിജിലൻസ് റെയ്ഡ്

72 [3459] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റൂറൽ ജില്ലയിലുള്ള പാസ്പോർട്ട് വെരിഫിക്കേഷൻ സെല്ലിൽ വിജിലൻസ് വിഭാഗം നടത്തിയ റെയ്ഡുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ നടപടി സ്വീകരിച്ചു;

(ബി) ഇതുമായി ബന്ധപ്പെട്ടുള്ള അന്വേഷണറിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം റൂറൽ എസ്. പി. ആയിരുന്ന ശ്രീ. ജി. ലക്ഷ്മണ ഐ. പി. എസ്., ഡിവൈ. എസ്. പി. ശ്രീ. റ്റി. ഗിരീശൻ എന്നിവരെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. ശ്രീ. മധു, ശ്രീ. രാജൻ എന്നീ പോലീസ് കോൺസ്റ്റബിൾമാരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു.

(ബി) ഉണ്ട്. ശ്രീ. ലക്ഷ്മണ ഐ. പി. എസ്., ശ്രീ. റ്റി. ഗിരീശൻ, ഡിവൈ. എസ്. പി. എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. ശ്രീ. മധുകുമാർ (പി. സി. റ്റി 7900), ശ്രീ. ശശിധരൻ (എച്ച്. സി. റ്റി. 5086),

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വിജയധരൻ (എച്ച്. സി. റ്റി. 6794) എന്നീ പോലീസ് കോൺസ്റ്റബിൾമാർക്കെതിരെ വിശദമായ അന്വേഷണത്തിന് (ട്രിബ്യൂണൽ .എൻക്വയറി) നടപടി സ്വീകരിച്ചുവരുന്നു. വ്യാജ പാസ്പോർട്ട് നൽകുന്നതിന് ശുപാർശ ചെയ്തിട്ടുള്ള ഹെഡ് കോൺസ്റ്റബിൾമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കുമ്പളംചിറ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച വിജിലൻസ് കേസ്സ്

73 [3460] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കുമ്പളംചിറ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് വിജിലൻസ് കേസ്സ് ഫയൽ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം ടെൻഡർ ചെയ്യുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ഇല്ലായിരുന്നുവെന്നും 77 ലക്ഷം രൂപ ഇൻഫ്രാസ്ട്രക്ചർ എക്സ്പെൻഡിച്ചർ ആയി ഗവൺമെന്റിന് നഷ്ടം സംഭവിച്ചുവെന്നുമാണ് ചാർജ്ജ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ഉണ്ടായിരുന്നുവെന്ന് പിന്നീട് മനസ്സിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പാലത്തിലൂടെ കഴിഞ്ഞ രണ്ടുവർഷമായി ഓരോ ദിവസവും 1200-ലേറെ വാഹനങ്ങൾ ഓടുന്നുവെന്നതിനാൽ ഈ പാലത്തിന് ചെലവാക്കിയ തുക ഇൻഫ്രാസ്ട്രക്ചർ എക്സ്പെൻഡിച്ചർ അല്ല എന്നു കണക്കിലെടുത്ത് കേസിനുള്ള അനന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി & ഡി) കേസന്വേഷണം പുരോഗമിച്ചുവരുന്ന ഈ ഘട്ടത്തിൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയില്ല.

റബ്കോയിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം

74 [3461] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റബ്കോയിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly